Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

No. KITE/2021/1515-6 (4) തീയതി : 04.06.2021

## സർക്കുലർ

വിഷയം:- കൈറ്റ് - ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതി - സ്കൂളുകൾക്ക് ലഭ്യമാക്കിയ ഐ.സി.ടി. ഉപകരണങ്ങൾ ഉപയോഗിക്കുന്നതും പരിരക്ഷിക്കുന്നതും സംബന്ധിച്ച നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന : -1. സ. ഉ(സാധാ) നം. 165/2018/പൊ.വി.വ തീയതി 10.01.2018.

2. സ. ഉ(സാധാ) നം. 2177/2019/പൊ.വി.വ തീയതി 06.06.2019
3. ഈ ഓഫീസിലെ 22.03.2019 ലെ KITE/2019/1515-6 (1) നമ്പർ സർക്കുലർ
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 05.05.2020 ലെ ആർ&ആർ(1)/90070/2020/ ഡിജിഇ നമ്പർ സർക്കുലർ.
5. ഈ ഓഫീസിലെ 07.05.2020 ലെ .KITE/2020/1515-6 (1) നമ്പർ സർക്കുലർ
6. പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയുടെ 04.06.2021 ലെ KITE/2021/ 1515-6 (3) നമ്പർ നോട്ട് ഓർഡർ.

സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ നടപ്പിലാക്കുന്ന ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികൾ പ്രകാരം സ്കൂളുകൾക്ക് വിതരണം ചെയ്ത ഐ.സി.ടി. ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനും പരിരക്ഷിക്കുന്നതിനും ക്രമീകരണങ്ങൾ ഒരുക്കുന്നതിന് സൂചന 3,4,5 സർക്കുലറുകൾ മുഖേന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കേരളത്തിലെ 1 മുതൽ 12 വരെ ക്ലാസുകളുള്ള 16026 സ്കൂളുകളിലായി 116259 ലാപ്ടോപ്പ്, 67194 പ്രൊജക്ടർ, 4545 ടെലിവിഷൻ, 4611 പ്രിന്റർ, 4720 വെബ്ക്യാം, 4578 ഡി.എസ്.എൽ.ആർ ക്യാമറ, 97655 യു.എസ്.ബി സ്പീക്കർ തുടങ്ങിയ ഉപകരണങ്ങൾ ഹൈടെക് സ്കൂൾ-ഹൈടെക് ലാബ് പദ്ധതികളുടെ ഭാഗമായി കൈറ്റ് വിന്യസിച്ചിട്ടുണ്ട്. സ്കൂളുകൾക്ക് ലഭ്യമാക്കിയ ഐസിടി ഉപകരണങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നതിനും പരിരക്ഷിക്കുന്നതിനും താഴെപ്പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു *(ഉപകരണങ്ങൾ പരിരക്ഷിക്കുന്നത് സംബന്ധിച്ച വീഡിയോ www.kite.kerala.gov.in ൽ ലഭ്യമാണ്)* :

### ലാപ്ടോപ്പ്

1. ലാപ്ടോപ്പ് ഉൾപ്പെടെയുള്ള ഐ.ടി. ഉപകരണങ്ങളുടെ ഫലപ്രദമായ ഉപയോഗം ഉറപ്പുവരുത്തുന്നതിന് അവയുടെ പരിരക്ഷ അനിവാര്യമാണ്. അതിനാൽ സ്കൂൾ അവധിക്കാലത്ത് ലാപ്ടോപ്പുകൾ ശരിയായി Shut Down ചെയ്ത് പവർ അഡാപ്റ്റർ വിച്ഛേദിച്ച് ബാഗുകളിൽ സൂക്ഷിക്കിക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. അവ ഓരോന്നും ശ്രദ്ധാപൂർവം പരിശോധിച്ച് സ്വിച്ച് ഓൺ ചെയ്ത് പ്രവർത്തിപ്പിച്ചുനോക്കേണ്ടതാണ്.
2. ലാപ്ടോപ്പ് വീണ്ടും ഉപയോഗിക്കുന്നതിന് മുമ്പ് വൃത്തിയുള്ളതും മൃദുവായതുമായ തുണികൊണ്ട് വൃത്തിയാക്കേണ്ടതാണ്.
3. രണ്ടാഴ്ചയിലധികം തുടർച്ചയായി ലാപ്ടോപ്പ് ഉപയോഗിക്കാതിരിക്കുകയോ ചാർജ് ചെയ്യാതിരിക്കുകയോ ചെയ്യുന്നത് ലാപ്ടോപ്പിന്റെ ബാറ്ററിയെ ബാധിക്കും. അതിനാൽ

സ്കൂൾ അവധിക്കാലത്ത് രണ്ടാഴ്ചയിലൊരിക്കലെങ്കിലും ലാപ്‌ടോപ്പ് ഓൺ ആക്കിയും ചാർജ് ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ കോവിഡ്19 കാലഘട്ടത്തിൽ പ്രസ്തുത പ്രവർത്തനം നടത്താൻ സാധിച്ചിട്ടില്ലെങ്കിൽ എത്രയും പെട്ടെന്ന് ഉപരണങ്ങൾ പ്രവർത്തിപ്പിച്ചുനോക്കേണ്ടതാണ്.

4. കമ്പ്യൂട്ടർ ലാബുകളിലും ഹൈടെക് ക്ലാസ് മുറികളിലുമുള്ള ലാപ്‌ടോപ്പുകൾ പരിശോധിക്കേണ്ടതാണ്.
5. ഡിജിറ്റൽ ക്ലാസുകൾ തയ്യാറാക്കുന്നതിനും മറ്റ് പഠനപ്രവർത്തനങ്ങൾക്കുമായി അധ്യാപകർക്കും പ്രാദേശിക പഠനകേന്ദ്രങ്ങളിലേക്ക് ആവശ്യമെങ്കിൽ നൽകിയതും ഉൾപ്പെടെയുള്ള ലാപ് ടോപ്പുകൾ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

**മൾട്ടിമീഡിയ പ്രൊജക്ടർ**

6. സ്കൂൾ അവധിക്കാലത്ത് പ്രൊജക്ടർ ഓഫാക്കി പവർ കേബിളുകൾ വിച്ഛേദിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. പവർ കേബിളുകൾ ശ്രദ്ധാപൂർവം കണക്ട് ചെയ്ത് പ്രൊജക്ടർ പ്രവർത്തനക്ഷമമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
7. ഉപകരണങ്ങളിൽ പൊടി, വെള്ളം തുടങ്ങിയവ വീഴാത്തവിധവും പല്ലി, ചിലന്തി, പാറ്റ തുടങ്ങിയ ജീവികൾ അകത്ത് കടക്കാത്തവിധവും എല്ലാ പ്രൊജക്ടറുകളും പൊതിഞ്ഞു സൂക്ഷിക്കുന്നതിനാണ് നിർദ്ദേശിച്ചിരുന്നത്. ആയതിനാൽ ഉപകരണങ്ങൾ ശ്രദ്ധയോടെ പരിശോധിക്കേണ്ടതാണ്.
8. പ്രൊജക്ടർ വീണ്ടും ഉപയോഗിക്കുന്നതിന് മുമ്പ് മൃദുവായ തുണികൊണ്ട് ക്ലീൻ ചെയ്യേണ്ടതാണ്.
9. പ്രൊജക്ടറിന്റെ ലെൻസ് നനവ്, പൊടി, എണ്ണമയം, മൺതരി തുടങ്ങിയ ഏതെങ്കിലും വസ്തുക്കളുള്ള തുണികൊണ്ട് തുടയ്ക്കരുത്, ലെൻസിന് കേട്പാട് സംഭവിക്കാം. അതിനാൽ ഫ്ലാനൽ ക്ലോത്തോ ലെൻസ് വൃത്തിയാക്കുന്നതിന് പ്രത്യേകം ലഭിക്കുന്ന ബഫർ ബലൂണും ബ്രഷും ഉപയോഗിക്കേണ്ടതാണ്.

**ഡി.എസ്.എൽ. ആർ. ക്യാമറ**

10. ക്യാമറ ഉപയോഗിക്കാത്ത അവസരങ്ങളിൽ ബാറ്ററി ക്യാമറയിൽ നിന്നും വേർപെടുത്തി സൂക്ഷിക്കിന്നതിന് നിർദേശിച്ചിരുന്നു. ആതിനാൽ ബാറ്ററി കൃമായി ക്യമറയിൽ ഇട്ടശേഷം പ്രവർത്തിപ്പിച്ചുനോക്കേണ്ടതാണ്.
11. ക്യാമറയിൽ പൊടി, ഉപ്പ്, മണൽ, എണ്ണമയമുള്ള വസ്തുക്കൾ, ഈർപ്പം തുടങ്ങിയവയുടെ സാന്നിദ്ധ്യം ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.
12. ക്യാമറയുടെ ലെൻസ് വൃത്തിയായി സൂക്ഷിക്കുക. ലെൻസ് വൃത്തിയാക്കുന്നതിന് Soft cloth/Micro fiber എന്നിവ മാത്രം ഉപയോഗിക്കേണ്ടതാണ്.
13. ക്യാമറയും ക്യാമറയുടെ ഘടകങ്ങളും കാന്തിക വലയം ഉള്ള സ്ഥലങ്ങളിൽ സൂക്ഷിക്കരുത്.
14. കെമിക്കലുകൾ സൂക്ഷിക്കുന്ന ലാബുകളിലും, ഈർപ്പം ധാരാളമായി തങ്ങിനിൽക്കാൻ സാധ്യതയുള്ള ഇടങ്ങളിലും ക്യാമറ സൂക്ഷിക്കരുത്.

**പൊതുവായി ശ്രദ്ധിക്കേണ്ട മറ്റു കാര്യങ്ങൾ**

15. പ്രിന്റർ, യു.എസ്.ബി. സ്പീക്കർ തുടങ്ങിയവയും പ്രവർത്തിപ്പിച്ചുനോക്കേണ്ടതാണ്. ഈർപ്പം തട്ടാത്ത വിധത്തിലും മഴ നനയാതെയും, പൊടി പിടിക്കാതെയും പ്രസ്തുത ഉപകരണങ്ങളും സൂക്ഷിക്കേണ്ടതാണ്.
16. പ്രൊജക്റ്റർ സ്ക്രീൻ ഉപയോഗിക്കാത്തപ്പോൾ റോൾ ചെയ്ത് വെയ്ക്കേണ്ടതാണ്.
17. സ്കൂളിലെ ക്ലാസ് മുറികൾ മറ്റ് ആവശ്യങ്ങൾക്ക് നൽകിയിട്ടുണ്ടെങ്കിൽ ഹൈടെക് ഉപകരണങ്ങളുടെ സുരക്ഷിതത്വം പ്രവർത്തന ക്ഷമത എന്നിവ ഉറപ്പുവരുത്തേണ്ടതാണ് (മൾട്ടിമീഡിയ പ്രൊജക്റ്റർ മൗണ്ട് ചെയ്ത്, ഹൈടെക് ഉപകരണങ്ങൾ നെറ്റ്‌വർക്ക് ചെയ്ത ക്ലാസ് മുറികൾ ക്യാമ്പുപോലെയുള്ള ഏതെങ്കിലും സ്കൂളിതര പ്രവർത്തനങ്ങൾക്ക് നൽകേണ്ടി വരുന്ന പക്ഷം പ്രൊജക്റ്റർ ഉൾപ്പെടെയുള്ള ഉപകരണങ്ങളുടെ സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു.)
18. പരിശീലനങ്ങൾക്കും മറ്റാവശ്യങ്ങൾക്കും ലാപ്ടോപ്പ് വിതരണം ചെയ്യുന്നതിന്റെ വിശദാംശങ്ങൾ കൃത്യമായി ലോഗ് രജിസ്റ്റർ/ഇഷ്യൂരജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.
19. സ്കൂളുകൾക്ക് ലഭ്യമാക്കിയ ഐ.സി.ടി. ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനും പരിരക്ഷിക്കുന്നതിനും സ്കൂളിൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ ഐടി അഡ്വൈസറി കൗൺസിലിന്റെ മിനിറ്റ്സ് ബുക്കിലോ പ്രത്യേക റിപ്പോർട്ടായോ തയ്യാറാക്കി സൂക്ഷിക്കേണ്ടതും വിദ്യാഭ്യാസ ഓഫീസർമാരുടെ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

- **ഉപകരണങ്ങൾ പരിശോധിച്ച്, പ്രവർത്തിപ്പിച്ച നോക്കിയ ശേഷം തുടർന്ന് ഉടൻ ഉപയോഗിക്കുന്നില്ലെങ്കിൽ സൂചന സർക്കുലറുകളിലെ നിർദ്ദേശങ്ങളിലെപോലെ സൂക്ഷിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.**
- **ഫസ്റ്റ് ബെൽ ക്ലാസുകൾ കാണുന്നതിന് ഹൈടെക് സ്കൂൾ – ഹൈടെക് ലാബ് ഉപകരണങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് KITE/2020/1515-6 (2) തീയതി 02.06.2020 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉപകരണങ്ങളുടെ സുരക്ഷിതത്വവും ഉപയോഗവും ഉറപ്പുവരുത്തേണ്ടതാണ്.**

കെ.അൻവർ സാദത്ത്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

എല്ലാ സർക്കാർ, എയ്ഡഡ് സ്കൂൾ പ്രഥമാധ്യാപകർക്കും (ജില്ലാ കോ-ഓർഡിനേറ്റർ മുഖേന)
കൈറ്റിലെ എല്ലാ ജില്ലാ കോ-ഓർഡിനേറ്റർ/മാസ്റ്റർ ട്രെയിനർമാർക്കും

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ആർ.ഡി.ഡി./എ.ഡി./ജില്ലാ വിദ്യാഭ്യാസ ഓഫീസർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
കൈറ്റിലെ എല്ലാ ജില്ലാകോർഡിനേറ്റർമാർക്കും
പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ജില്ലാ കോ-ഓർഡിനേറ്റർമാർക്കും
സ്റ്റോക്ക് ഫയൽ